നർമ്മദ സമരത്തിന്റെ 25 വർഷങ്ങൾ, സമരം, സംഘർഷം, കയറ്റിറക്കങ്ങൾ –
25 –ാം വാർഷികത്തിന്റെ തിരക്കുകൾക്കിടയിൽ എൻ.ബി.എ ബഡ്‌വാനി ഓഫീസിൽ വച്ച്
കേരളീയത്തിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ
**മേധാപട്കർ** സംസാരിക്കുന്നു




# സമരം തന്നെ ജീവിതം

**സമരത്തിന്റെ ഇപ്പോഴത്തെ അവസ്ഥ?**

ഡാം പണി നിർത്തിവെച്ചുവെങ്കിലും കപട റിപ്പോർട്ടുകളാണ് ഗവൺമെന്റ് പുറത്തുവിടുന്നത്. എല്ലാവരും പുനരധിവസിക്കപ്പെട്ടുവെന്നും പാരിസ്ഥിതികപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുവെന്നും ഗുജറാത്തിലെ കർഷകരുടെ ആവശ്യങ്ങൾ ഡാം വന്നതുകൊണ്ട് പൂർത്തീകരിക്കപ്പെട്ടുവെന്നുമൊക്കെയാണ് ഗവൺമെന്റ് ജനങ്ങൾക്കിടയിൽ പരത്തുന്ന ധാരണ. ഇത്തരത്തിലുള്ള കാപട്യങ്ങൾക്കെതിരെ ഓരോ നിമിഷവും പൊരുതാനാണ് ഞങ്ങളുടെ ഊർജ്ജത്തിന്റെ ഭൂരിഭാഗവും വേണ്ടിവരുന്നത്. നർമ്മദയിൽ രണ്ട് തരത്തിലുള്ള ജനങ്ങളാണുള്ളത്. അവരിലൊരു വിഭാഗം മലകളിൽ താമസിക്കുന്ന ആദിവാസികളാണ്. അവരാരും സർക്കാരിന്റെ നഷ്ടപരിഹാരം തൊട്ടിട്ടില്ല. കാരണം 1993 മുതൽ തന്നെ വെള്ളത്തിനടിയിലായ അവരുടെ ഭൂമിക്കു പകരം ഇതുവരെ ഇവർക്ക് ഭൂമി ലഭിച്ചിട്ടില്ല. മഹാരാഷ്ട്രയിലെ 3700 പേർക്കും ഗുജറാത്തിലെയും മധ്യപ്രദേശിലെയും 8000 പേർക്കും ഗുജറാത്തിലാണ് ഭൂമി ലഭിച്ചത്. 11,000 ആദിവാസികുടുംബങ്ങൾക്ക് ഭൂമിക്ക് പകരം ഭൂമി തന്നെ നഷ്ടപരിഹാരമായി ലഭിച്ചു. ലോകത്തിലെ മറ്റൊരു പ്രൊജക്ടിലും ഇങ്ങനെ സംഭവിച്ചിട്ടില്ല. അതേസമയം 40,000–ത്തോളം കുടിയൊഴിപ്പിക്കപ്പെട്ട ജനങ്ങൾ മധ്യപ്രദേശിലെ സമതലങ്ങളിലാണ് ജീവിക്കുന്നത്. അവർക്ക് സ്വന്തമായി റോഡ്, പഞ്ചായത്ത്, സ്കൂളുകൾ എന്നിവയൊക്കെയുണ്ട്. കൃഷിയാണ് മുഖ്യതൊഴിൽ. ഭൂമി നശിക്കുമെന്നറിഞ്ഞിട്ടും ഇവർ ഓടിപ്പോയില്ല. വലിയ വികസനപദ്ധതികൾ വരുമ്പോൾ ഇവർ എലികളെപ്പോലെ ഓടിയൊളിക്കുമെന്ന ഉദ്യോഗസ്ഥരുടെ ധാരണയെ തകർത്ത് സത്യാഗ്രഹം ചെയ്ത് അവർ സ്വന്തം ഭൂമിയിൽ ജീവിക്കുന്നു.

സർക്കാർ പറയുന്ന ഭൂമിയെവിടെ? തുടക്കം മുതൽ ഗവൺമെന്റുമായി ചർച്ച നട

ത്തുമ്പോൾ ഞങ്ങൾക്ക് തോന്നിയ സംശയമാണിത്. പക്ഷേ നിരന്തരസ ത്യാഗ്രഹങ്ങൾക്കു ശേഷം ഗവൺമെന്റ് തന്നെ ഭൂമി കണ്ടെ ത്താൻ തുടങ്ങി. മഹാരാഷ്ട്രയിലും ഗുജറാത്തിലും ജനങ്ങൾക്ക് ഭേദ പ്പെട്ട ഭൂമി ലഭിച്ചു. പക്ഷേ മധ്യപ്രദേ ശിൽ ഒരു ശതമാനം ജനങ്ങൾക്കു പോലും ഭൂമി നൽകിയിട്ടില്ല. ഇവിടെ ഭൂമിക്കു പകരം നഷ്ടപരി ഹാരം ലഭിച്ച കുറച്ച് പേർ പക്ഷേ ഉദ്യോഗസ്ഥരുടെയും ഏജന്റുമാരു ടെയും വലയിലായി. ഭീകരഅഴിമതി യാണ് ഇതിലൂടെ ഞങ്ങൾ പുറത്തു കൊണ്ടു വന്നത്. അങ്ങനെ ഇത്തരം അഴിമതികൾ അന്വേഷിച്ച് കണ്ടെ ത്താൻ ഷാ കമ്മീഷൻ നിലവിൽ വന്നു. ഞങ്ങളെ സംബന്ധിച്ച് വലിയ ഒരു വിജയമായിരുന്നു ഇത്. ഗ്രാമീണരാണ് 200-300 കോടി യുടെ ഈ വലിയ അഴിമതി കണ്ടെ ത്തിയതെന്നതും ശ്രദ്ധേയമാണ്. എന്നാൽ കാര്യമായ ശിക്ഷ യൊന്നും ഈ അഴിമതിക്കേസുക ളിൽ നൽകിയില്ല. തുടർന്ന് ഞങ്ങൾ ഹൈക്കോർട്ടിൽ വിഷയമവതരിപ്പി ച്ചു. ഇപ്പോൾ ഹൈക്കോടതി നഷ്ട പരിഹാരം നൽകുന്ന നടപടികൾ നിർത്തിവെച്ചിരിക്കുകയാണ്. ഷാ കമ്മീഷൻ പരിശോധിക്കാതെ ഒറ്റ നഷ്ടപരിഹാരവും നൽകരുതെന്നറി യിച്ചു. പ്രതിഭാഗം സുപ്രീംകോടതി യിൽ പോയി. സുപ്രീംകോടതി ഷാ കമ്മീഷന്റെ സൂക്ഷ്മനിരീക്ഷണ ത്തിൽ നഷ്ടപരിഹാരം നൽകാനു ത്തരവിട്ടു. ഞങ്ങൾ പ്രതീക്ഷി ക്കാതെ മറ്റൊരു വിജയം.

## സമരത്തിന്റെ നാൾവഴികളെ എങ്ങിനെ വിലയിരുത്തുന്നു?

ഡാമിന്റെ യാഥാർത്ഥ്യം ഇക്കാലം കൊണ്ട് ഞങ്ങൾക്ക് പുറത്തുകൊ ണ്ടുവരാനായി. ലോകത്താകെ ഇത്തരത്തിലൊരു സമരത്തിന് പൊരുതാനാകുമെന്ന് ഞങ്ങൾ തെളിയിച്ചു. രണ്ടാമതായി ഈ 25 വർഷങ്ങൾക്കിടയിൽ ഞങ്ങൾ ഭര ണകൂടത്തെ നന്നായി മനസ്സിലാക്കി. എന്നാൽ ബി ബി സിയുടെ ഏറ്റവും നല്ല അന്താരാഷ്ട്ര പൊളി റ്റിക്കൽ ക്യാംപെയ്ൻ നടത്തിയ സംഘടനയ്ക്കുള്ള അവാർഡ്



ലഭിച്ചെങ്കിലും ഇപ്പോഴും ഇവി ടത്തെ ഭരണകൂടത്തിന്റെ മാറിമ റിഞ്ഞു വരുന്ന തന്ത്രങ്ങൾക്ക് മുന്നിൽ ഞങ്ങൾ ഇപ്പോഴും പരാജ യമാണ്. മറ്റൊന്ന് ലോകബാങ്ക് പ്രൊജക്ടിന് നൽകാനിരുന്ന ഫണ്ട് പിൻവലിച്ചു. ഡാമുകളുടെ ലോകക മ്മീഷനും മറ്റൊരു നേട്ടമാണ്. പക്ഷേ എന്നിട്ടും ഇന്ത്യയിൽ ഇത്ത രത്തിലുള്ള വലിയ ഭീമൻ ജലവൈ ദ്യുതപദ്ധതികൾ തടയാൻ നമുക്ക് കഴിയുന്നില്ല. അതേ സമയം ജനകീ യസമരങ്ങൾ ഇപ്പോൾ പണ്ടത്തേ ക്കാളേറെ ശക്തമായി.
മുന്നോട്ട് നർമ്മദയിൽ നിന്നും നമുക്ക് എൻ എ പി എമ്മിലേക്ക് കടക്കാൻ കഴിയണം. അത് വളരെ പ്രധാനപ്പെട്ട, ആലോചിക്കേണ്ട കാര്യമാണ്.

## നേട്ടങ്ങൾ?

ഏറ്റവും വലിയ നേട്ടമായി ഞങ്ങൾ കരുതുന്നത് ഇത്രയും കാലത്തെ സമരത്തിനിടയിൽ ഒരിക്കൽ പോലും ഞങ്ങൾ വിദേശഫണ്ട് നേരിട്ട് സ്വീകരിച്ചിട്ടില്ല. റൈറ്റ് ടു ലൈവ്‌ലി ഹുഡ് അവാർഡിന് കിട്ടിയ 50,000 ഡോളർ ഇത്തരത്തിൽ സ്വന്തമായെ ടുക്കാതെ ഒരു ട്രസ്റ്റിലിടാൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ രൂപംകൊണ്ട ജനസഹ്‌യോഗ് ട്രസ്റ്റ് ഇപ്പോൾ രാജ്യമൊട്ടാകെയുള്ള പല സ്ത്രീകൾക്കും ചെറിയ ഫണ്ടുകൾ നൽകുന്നുണ്ട്. രണ്ടാമതായി എനിക്ക് ലഭിച്ച 60,000 ഡോളറിന്റെ ഗോൾഡ്മാൻ പരിസ്ഥിതി പുര സ്കാരം ലഭിച്ചപ്പോൾ അത് ഞങ്ങൾ അമേരിക്കയിലുള്ള ഒരു ഇന്ത്യൻസംഘടനയ്ക്ക് നൽകി. ഞാനുമുൾപ്പെട്ട ഉപദേശകസമിതി യുടെ നിർദ്ദേശപ്രകാരം തുക പല സംഘടനകൾക്ക് നൽകി. ഞങ്ങൾക്ക് പിന്തുണ നൽകുന്നവ രുടെ സഹായം കൊണ്ടാണ് സമര കാര്യങ്ങൾ നടന്നുപോകുന്നത്. അതുപോലെ ഞങ്ങളുടെ അഭിഭാഷ കർ ഫീസ് വാങ്ങാറില്ല. ഗുജറാ ത്തിൽ ഞങ്ങളുടെ ഓഫീസിനു നേരെ ഉണ്ടായ തുടർച്ചയായ അക്രമ ങ്ങൾക്കു ശേഷവും ഗുജറാത്തിലെ ജനങ്ങൾ ഞങ്ങളോടൊപ്പമു ണ്ടെന്നത് എടുത്തുപറയേണ്ട കാര്യ മാണ്.

## കോട്ടങ്ങൾ?

ശരിയായ രാഷ്ട്രീയവിദ്യാ ഭ്യാസം നൽകുക എന്നതാണ് ഞങ്ങൾക്ക് കഴിയാത്ത ഒരു കാര്യം. മറ്റൊന്ന് ലോക ഡാം കമ്മീഷന്റെ റിപ്പോർട്ട് മുന്നോട്ട് കൊണ്ടുപോ കാൻ കഴിഞ്ഞില്ല. ഞാൻ നർമ്മദ യുടെ തിരക്കുകളിലേക്ക് വീണ്ടും വന്നപ്പോൾ മറ്റാർക്കും അതേറ്റെടു ക്കാൻ കഴിയാതെ പോയി. ലോകത്തെ ഡാമുകളെ ലിസ്റ്റ് ചെയ്ത്, പഠിച്ച് റിപ്പോർട്ടായാൽ അത് ആധികാരികമായ ഒരു രേഖ യാകും.

---

**നർമ്മദ അഭിമുഖങ്ങൾ തയ്യാറാക്കിയതും പരിഭാഷയും :**
കെ. സഹദേവൻ, ഡോ. എ.ലത, സബ്‌ന, സതീഷ്, ശരത്, റോബിൻ